**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1435 — 03.10.2016 ൽ മറുപടിക്ക്

## മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനം

| | ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ക്യാൻസർ രോഗനിർണ്ണയത്തിനായുള്ള ഹൈ റെസല്യൂഷൻ സോണോഗ്രാം യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയും മാലിന്യസംസ്കരണം നടപ്പിലാക്കുന്നതിന് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.<br>കൂടാതെ സർക്കാർ ആശുപത്രികളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള സമാഹൃത പ്രൊപ്പോസലിൽ മാവേലിക്കര ജില്ലാ ആശുപത്രിയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രി പൂർണ്ണപ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ ഡോക്ടർ, നേഴ്സ് അടക്കമുള്ള സ്റ്റാഫിന്റെ നിയമനത്തിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) & (സി) | വിവിധ തലങ്ങളിലുള്ള ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പൊതുവായ മാനദണ്ഡം നിർദ്ദേശിച്ചതിനുശേഷം സമാഹൃത പ്രൊപ്പോസൽ 02.02.2015 ലെ സ.ഉ.(പി) നം.58/2015/ധന നമ്പർ ഉത്തരവിനോടൊപ്പമുള്ള പ്രൊഫോർമയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ആവശ്യമായ മുഴുവൻ സ്റ്റാഫിനെയും അടിയന്തരമായി നിയമിക്കുമോ എന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ സർജൻമാരുടെ ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ,ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ? | (ഡി) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഒഴിവുള്ള കൺസൾട്ടന്റ് (ജനറൽ സർജറി) തസ്തികയിലേയ്ക്ക് ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) മാരുടെ പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ